# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1803 18.06.2012 -ൽ മറുപടിയ്ക്ക്**

**<u>ഗുണ്ടാ നിയമം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എം. ചന്ദ്രൻ : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) ഗുണ്ടാ നിയമപ്രകാരം അറസ്റ്റിലായി കരുതൽ തടങ്കലിൽ കഴിയുന്ന പ്രതികൾ കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് പുറത്തുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) 2007 - ലെ കേരളാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം പ്രകാരം കരുതൽ തടങ്കലിൽ കഴിയുന്നവർ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് തടങ്കലിൽ നിന്നും വിടുതൽ ചെയ്യപ്പെടാറുണ്ട്. കരുതൽ തടങ്കലിനെതിരെ ഫയൽ ചെയ്യപ്പെടുന്ന ഹേബിയസ് കോർപ്പസ് റിട്ടുകളിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിക്കുന്ന വിധി ന്യായങ്ങളുടെ അടിസ്ഥാനത്തിലും കേരളാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഉപദേശക ബോർഡിന്റെ ശുപാർശകൾ പ്രകാരവുമാണ് കരുതൽ തടങ്കലിൽ കഴിയുന്ന പ്രതികൾ കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് വിടുതൽ നേടുന്നത്. |
| ബി) കരുതൽ തടങ്കൽ കാലാവധി 6 മാസം എന്നത് 1 വർഷമായി ദീർഘിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | ബി) ഉണ്ട്. |
| സി) ഗുണ്ടാനിയമത്തിലെ 107-ാം വകുപ്പ് ഫലപ്രദമായി പ്രയോഗിക്കുന്നതിന് സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാർക്ക് നിർദ്ദേശം നൽകുമോ ? | സി) ഒരു പ്രദേശത്തെ സമാധാനവും പൊതുജനങ്ങളുടെ സ്വൈരതയും തടസ്സപ്പെടുത്തുന്ന തരത്തിൽ പ്രവർത്തിക്കുന്നവർക്കെതിരെ ക്രിമിനൽ നടപടി ക്രമത്തിലെ 107-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ എക്സിക്യൂട്ടീവ് മജിസ്ട്രേട്ടുമാർ ഇപ്പോൾ സ്വീകരിച്ച് വരുന്നുണ്ട്. ഇത്തരം നടപടികൾ ഫലപ്രദമല്ലാതെ വരുമ്പോഴാണ് കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം പ്രകാരം കരുതൽ തടങ്കൽ നടപടികൾ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ